ഉത്തരം

(എ&ബി) ഈ റോഡുകളുടെ പണിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) 1999-2000-ലെ വാർഷിക ബഡ്ജറ്റിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

കണച്ചിപ്പുരുത-പുല്ലൻപുത റോഡ്	-	5 ലക്ഷം രൂപ
കുണ്ടുംകാട്-ചിറ്റടി റോഡ്	-	10 ലക്ഷം രൂപ
വാഴക്കാട്-ആലത്തൂർ റോഡ്	-	1 ലക്ഷം രൂപ
ഇരട്ടക്കുളം-വാണിയംപാറ റോഡ്	-	3 ലക്ഷം രൂപ

(ഡി) ഭരണാനുമതി നൽകിയ ശേഷം ബഡ്ജറ്റിൽ തുക വക കൊള്ളിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

വെള്ളൂർ-പുളിങ്ങോം പാലം നിർമ്മാണം

139 (1298) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെകാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളൂർ-പുളിങ്ങോം മേജർ ഡിസ്ട്രിക്ട് റോഡിൽ കർണ്ണാടകത്തിലെ ഭാഗ മണ്ഡലത്തിലേക്കുള്ള പാലം നിർമ്മിക്കുന്നതിന്റെ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

അന്തർ സംസ്ഥാന പദ്ധതിയായതിനാൽ കർണ്ണാടക സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

ആലുവ മുതൽ അങ്കമാലി വരെ നാലുവരിപ്പാത

140 (1306) ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മുതൽ അങ്കമാലി വരെ ദേശീയപാത നാലുനിരയാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ? എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ ജോലികൾ നിർവഹിച്ചിരുന്ന ആലുവയിലെ ലാന്റ് അക്വിസിഷൻ തഹസീൽദാരുടെ എൻ.എച്ച്.ഓഫീസ് തിരുവനന്തപുരത്തേക്ക് മാറ്റിയത് പൊതുമരാമത്ത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ദേശീയപാത വികസന പദ്ധതികൾക്ക് ഭൂമി ഏറ്റെടുത്ത് നൽകുന്നതിൽ ഉണ്ടാകുന്ന വീഴ്ചകൾമൂലം സംസ്ഥാനത്തിന്റെ പദ്ധതികൾക്ക് അനുമതി ലഭിക്കുന്നില്ലായെങ്കിൽ ഈ വസ്തുത കണക്കിലെടുത്ത് ഈ പ്രവർത്തനങ്ങളിൽ കാലതാമസമുണ്ടാക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly